ഉത്തരം

(എ) വെള്ളപ്പൊക്കത്തെക്കുറിച്ച് അന്വേഷിക്കാൻ സംസ്ഥാനം സന്ദർശിച്ച സംഘത്തിന് നൽകിയ നിവേദനത്തിൽ, നാഷണൽ ഹൈവേ ഉൾപ്പെടെ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളും പാലങ്ങളും നന്നാക്കുന്നതിന് 1123.5 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. ഇതിൽ പഞ്ചായത്ത് റോഡുകൾക്കുണ്ടായ നാശനഷ്ടങ്ങൾ ഉൾപ്പെടുന്നില്ല.

(ബി) റോഡ്, പാലം എന്നിങ്ങനെ പ്രത്യേകം തരം തിരിച്ചല്ല തുക അനുവദിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെൻറ് മെയിൻറനൻസു പണികൾ നടത്തേണ്ട നഗരങ്ങൾക്കുള്ളിലെ നാഷണൽ ഹൈവേ ഭാഗങ്ങൾക്ക് 50 ലക്ഷം രൂപ ഉൾപ്പെടെ 310 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചു. വില്ലേജ് റോഡുകളിലെ കേടുപാടുകൾ തീർക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയുണ്ടായി.

നഗരാതിർത്തിക്കു വെളിയിലുള്ള നാഷണൽ ഹൈവേ ഭാഗങ്ങൾക്കുണ്ടായ പുതിയ കേടുപാടുകൾ തീർക്കാൻ 22 ലക്ഷം രൂപ അനുവദിച്ചു.

പൊതുമരാമത്തു പണികൾ ലേബർ കോൺട്രാക്ടറ് സൊസൈറ്റികൾക്കു നൽകുന്നില്ല എന്ന പരാതി

712 [1040] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പണികൾ ലേബർ കോൺട്രാക്ടറ് സൊസൈറ്റികൾക്ക് നൽകുന്നില്ല എന്നും അവ സ്വകാര്യ കോൺട്രാക്ടറർമാർക്കാണ് നൽകാറുള്ളത് എന്നുമുള്ള പരാതികൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സഹകരണ സംഘങ്ങളെ ഈ രംഗത്തു നിന്നും ഒഴിവാക്കാനുള്ള സംഘടിത നീക്കങ്ങൾ ആണ് ഇതിന്റെ പിന്നിലുള്ളത് എന്ന യാഥാർത്ഥ്യം കണക്കിലെടുത്തു ഈ ഫീൽഡിൽ സംഘങ്ങൾക്ക് പിടിച്ചു നിൽക്കാൻ വേണ്ട അനുകൂല നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സഹകരണ സംഘങ്ങൾ മുന്നോട്ടു വന്നാൽ അർഹമായ പരിഗണന നൽകുന്നതാണ്.

മുറിഞ്ഞപുഴ—മതംപാ റോഡിന്റെ പണി

713 [1041] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഡിവിഷനിൽ മുറിഞ്ഞ പുഴ — മതംപാ റോഡിന്റെ പണിക്ക് ഗവൺമെൻറ് മുൻഗണന നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡിനെക്കുറിച്ച് ഇൻവെസ്റ്റിഗേഷൻ ആൻറ് പ്ലാനിംഗ് ഉദ്യോഗസ്ഥൻമാർ നടത്തിയ അന്വേഷണത്തിനു ശേഷം നൽകിയ അലൈൻമെൻറ് അംഗീകരിച്ചിട്ടുണ്ടോ;

(സി) അങ്ങനെയെങ്കിൽ ഇപ്പോഴും ഈ റോഡിൻെറ പണിയെക്കുറിച്ച് അനന്തര നടപടികളും ആരു സ്വീകരിച്ചു വരുന്നു;

(ഡി) എസ്റ്റിമേറ് എടുക്കുന്നതിന് എന്തു കാലതാമസമുണ്ടാകുമെന്നു കണക്കാക്കപ്പെടുന്നു?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടില്ല.

(സി) തൃശ്ശൂർ ഇൻവെസ്റ്റിഗേഷൻ ആൻറ് പ്ലാനിംഗ് (ബി ആൻറ്. ആർ.) ഡിവിഷൻ (തൃശ്ശൂർ) അനന്തര നടപടികളും എടുത്തു വരുന്നു.

(ഡി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി റോഡിൻെറ അലൈൻമെൻറ് അംഗീകരിച്ചതിനു ശേഷം മാത്രമേ എസ്റ്റിമേറ് എന്നത്തേയ്ക്കു തയ്യാറാക്കുവാൻ സാധ്യമാകും എന്നു പറയാനാകുകയുള്ളു.

എൻ. ജി. ഒ. മാരുടെ കായികവും മാനസികവുമായ വികസനത്തിന് സഹായങ്ങൾ

714 [1042] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൽകുന്നതു പോലെ എൻ. ജി. ഒ. മാരുടെ കായികവും മാനസികവുമായ വികസനത്തിന് വേണ്ടി എന്തെങ്കിലും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അഖില കേരളാടിസ്ഥാനത്തിൽ എൻ. ജി. ഒ. മാർക്കു വേണ്ടി മാത്രം നടക്കുന്ന മൽസരങ്ങളിൽ പങ്കെടുക്കുന്നതിന് ജീവനക്കാർക്ക് സ്പെഷ്യൽ അവധി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ടോ;

(സി) മാർച്ച് 10, 11, 12 തീയതികളിൽ ചങ്ങനാശ്ശേരി ഗവൺമെൻറ് എംപ്ലോയീസ് സൊസൈറ്റിയുടെ സ്പോർട്സ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എൻ. ജി. ഒ. മാരുടെ കലാകായിക മൽസരം നടത്തുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) അഖില കേരളാടിസ്ഥാനത്തിൽ നടക്കുന്ന പ്രസ്തുത പരിപാടിക്ക് എന്തെങ്കിലും സഹായമോ പ്രോൽസാഹനമോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്ന്?

LIBRARY ARCHIVES Kerala Legislative Assembly